മലയാള മനോരമ

14 May 2025

### ബ്ലൂ ഇക്കോണമി ദേശീയ ശിൽപശാല

# ആഴക്കടൽ ദൗത്യം ‘സമുദ്രയാൻ’ അടുത്ത വർഷം

**▸▸ സബ്മെഴ്സിബിൾ വാഹനമായ ‘മത്സ്യ’ ഉപയോഗിച്ചാണ് പര്യവേക്ഷണം**

കൊച്ചി● ഇന്ത്യയുടെ സബ്മെഴ്സിബിൾ വാഹനമായ 'മത്സ്യ'യുടെ മനുഷ്യനെ വഹിച്ചുള്ള ആദ്യ ആഴക്കടൽ ദൗത്യം 'സമുദ്രയാൻ' അടുത്ത വർഷം അവസാനത്തോടെ നടത്താനാകുമെന്ന് നാഷനൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഓഷ്യൻ ടെക്നോളജി (എൻഐഒടി) ഡയറക്ടർ ഡോ. ബാലാജി രാമകൃഷ്ണൻ പറഞ്ഞു.

3 ശാസ്ത്രജ്ഞരെ വഹിച്ചുള്ള ആഴക്കടൽ പര്യവേക്ഷണത്തിനാണു 'മത്സ്യ' തയാറെടുക്കുന്നത്.

ബ്ലൂ ഇക്കോണമിയുമായി ബന്ധപ്പെട്ട ദേശീയ പരിശീലന ശിൽപശാല ഉദ്ഘാടനം ചെയ്യുകയായിരുന്നു ഡോ. ബാലാജി രാമകൃഷ്ണൻ.ഇന്ത്യയുടെ സമുദ്രപഠന മേഖലയിൽ വലിയ വഴിത്തിരിവാകുന്ന ഈ ദൗത്യത്തിന്റെ നോഡൽ ഏജൻസി എൻഐഒടി ആണ്. 'സമുദ്രജീവ' എന്ന പേരിൽ വികസിപ്പിച്ച സാങ്കേതികവിദ്യ കടൽ കൂടുകൃഷിയിൽ നിർണായക വഴിത്തിരിവാകുമെന്നും അദ്ദേഹം പറഞ്ഞു.



കൊച്ചി സിഎംഎഫ്ആർഐയിൽ ബ്ലൂ ഇക്കോണമി ദേശീയ ശിൽപശാല നാഷനൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഓഷ്യൻ ടെക്നോളജി ഡയറക്ടർ ഡോ. ബാലാജി രാമകൃഷ്ണൻ ഉദ്ഘാടനം ചെയ്യുന്നു. ഡോ. ഗ്രിൻസൺ ജോർജ്, ഡോ. സതീഷ് ഷേണായ്, ഡോ. രതീഷ് രവീന്ദ്രൻ, വിവേകാനന്ദ പൈ, ഡോ. എസ്. പ്രസന്നകുമാർ എന്നിവർ സമീപം.

സിഎംഎഫ്ആർഐ ഡയറക്ടർ ഡോ ഗ്രിൻസൺ ജോർജ് അധ്യക്ഷത വഹിച്ചു. ഇന്ത്യൻ നാഷനൽ സെന്റർ ഫോർ ഓഷൻ ഇൻഫർമേഷൻ സർവീസസ് മുൻ ഡയറക്ടർ ഡോ. സതീഷ് ഷേണായി, വിജ്ഞാന ഭാരതി സെക്രട്ടറി ജനറൽ വിവേകാനന്ദ പൈ, നാഷനൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഓഷ്യനോഗ്രഫി മുൻ ഡയറക്ടർ ഡോ. എസ്. പ്രസന്നകുമാർ, പരിശീലന പരിപാടിയുടെ കോഓർഡിനേറ്റർ ഡോ. രതീഷ് കുമാർ രവീന്ദ്രൻ എന്നിവർ പ്രസംഗിച്ചു.